പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 448 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ റദ്ദാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു.റ്റി.തോമസ്<br>" ജോസ് തെറ്റയിൽ<br>" സി. കെ. നാണു | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യ്ക്ക് ഡീസൽ നൽകുന്ന ഐ.ഒ.സി. സബ്സിഡി കൂടാതെ ഉയർന്ന നിരക്കിൽ മാത്രം ഡീസൽ നൽകുന്നതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | ഡീസൽ വില വർദ്ധനവ് മൂലമുള്ള രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ താൽക്കാലികമായി കോർപ്പറേഷന് സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സർവ്വീസുകൾ റദ്ദാക്കുന്നത് പ്രശ്ന പരിഹാരത്തിനുള്ള മാർഗ്ഗമായി കരുതുന്നുണ്ടോ ; | (ബി) യും (സി) യും | ഡീസൽ നിരക്ക് വർദ്ധിപ്പിച്ചതുമൂലം സർവ്വീസുകൾ റദ്ദാക്കിയിട്ടില്ല. |
| (സി) | ഡീസൽ നിരക്ക് വർദ്ധിപ്പിച്ചതിനു ശേഷം പ്രതിദിനം എത്ര ഷെഡ്യൂളുകൾ വീതം റദ്ദാക്കുന്നുണ്ട് ; | | |
| (ഡി) | സബ്സിഡി നിരക്കിൽ കെ.എസ്.ആർ.ടി.സിയ്ക്ക് ഡീസൽ ലഭിക്കുവാൻ മാർഗ്ഗങ്ങൾ ആരാഞ്ഞിട്ടുണ്ടോ; | (ഡി) | കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും കെ.എസ്.ആർ.ടി.സി ബസുകൾ ഡീസൽ വാങ്ങുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനും വ്യക്തമായ ശുപാർശകൾ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സമിതി രൂപികരിച്ചിട്ടുണ്ട്. |
| (ഇ) | പ്രതിസന്ധി മറികടക്കുന്നതിന് ജീവനക്കാരും സംഘടനാ നേതാക്കളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (ഇ) | 18.01.2013 മുതലാണ് ഡീസൽ വില വർദ്ധനവ് നിലവിൽ വന്നത്. വർദ്ധന സംബന്ധിച്ച് വ്യക്തത കെ.എസ്.ആർ.ടി.സിയ്ക്ക് ലഭ്യമായത് 19.01.2013 -ലാണ് 21-ാം തീയതി മാനേജ്മെന്റിനുള്ളിൽ ഇതു സംബന്ധിച്ച ഔദ്യോഗിക |

| | | | |
|---|---|---|---|
| | | | ചർച്ചകൾ നടത്തുകയുണ്ടായി. 21.01.2013 -ന് ശേഷം അംഗീകൃത യൂണിയനുകളുമായി ആശയ വിനിമയം നടത്തുന്നതിന് മാനേജ്മെന്റ് തയ്യാറായിരുന്നു. എന്നാൽ ചർച്ചക്കുള്ള സാഹചര്യം ഉരുത്തിരികയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ